# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം പി15-525/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 08/04/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളം ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ആമുഖ കത്ത് സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കോട്ടയം
3)ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.കെ.ടി.എം പി15-525/22 തീയ്യതി: 08/04/2022

## കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-03-2022 | 15-03-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2022 | 15-03-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സുലത. ഡി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.രാജേഷ്. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ജിത് .എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.യോഗേഷ്. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി (വരെ) |
|---|---|---|---|

| | | (മുതൽ) | |
|---|---|---|---|
| ശ്രീ.റ്റി.റ്റി.ശശീന്ദ്രനാഥ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സിറിയക് റ്റി കുര്യാക്കോസ് (സെക്രട്ടറി ഇൻ ചാർജ്ജ്) | സെക്രട്ടറി | 01-04-2019 | 02-06-2019 |
| ശ്രീ.ജെയ് മോൻ എബ്രഹാം | സെക്രട്ടറി | 03-06-2019 | 04-07-2019 |
| ശ്രീ.സിറിയക് റ്റി കുര്യാക്കോസ് (സെക്രട്ടറി ഇൻ ചാർജ്ജ്) | സെക്രട്ടറി | 05-07-2019 | 09-08-2019 |
| ശ്രീ.ജെയ് മോൻ എബ്രഹാം | സെക്രട്ടറി | 10-08-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുമ സി.എസ് | സി.ഡി.പി.ഒ | 01-04-2019 | 15-04-2019 |
| ശ്രീമതി ഷജില ബീവി എസ് | സി.ഡി.പി.ഒ | 16-04-2019 | 31-03-2020 |
| ശ്രീമതി ശാലിനി ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി രേവതിക്കുട്ടി കെ.ആർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ജയൻ.എസ് | സൂപ്രണ്ട്, വൃദ്ധസദനം | 01-04-2019 | 31-03-2020 |
| ശ്രീമതി മിനി എസ് തമ്പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.ശരത് ലാൽ.എസ്.ടി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽകുമാർ.വി.ജി | ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.മായ എസ് രാജപ്പൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 12-06-2019 |
| ഡോ.അഭിരാജ്.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 13-06-2019 | 31-03-2020 |
| ഡോ.രേഖ .ആർ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി,അയർക്കുന്നം | 01-04-2019 | 31-03-2020 |
| ഡോ.പ്രീത.എസ്.വൈ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, തോട്ടയ്ക്കാട് | 01-04-2019 | 31-03-2020 |
| ഡോ.ജോർജ്ജ് കുര്യൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | പനച്ചിക്കാട് | | |
| ഡോ.നീത ആലീസ് പോൾ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, സചിവോത്തമപുരം | 01-04-2019 | 31-03-2020 |
| ശ്രീ. സന്തോഷ് ശിവാനന്ദൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 03-02-2020 |
| ശ്രീമതി അഞ്ജു. എസ് | പട്ടികജാതി വികസന ഓഫീസർ | 03-02-2020 | 09-02-2020 |
| ശ്രീ.ശ്യാംകുമാർ ബി | പട്ടികജാതി വികസന ഓഫീസർ | 10-02-2020 | 31-03-2020 |
| ഡോ. വിജിമോൾ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh M (Asst. Audit Officer, On 10-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yogesh R (Senior Grade Auditor, On 08-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 26-03-2022)<br>Last Updated By: Sulatha.D (Audit Officer, On 26-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yogesh R (Senior Grade Auditor, On 08-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-6 |
| 7 | സാമൂഹ്യ സുരക്ഷാപദ്ധതികൾ<br>Written By: Yogesh R (Senior Grade Auditor, On 08-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Yogesh R (Senior Grade Auditor, On 08-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Yogesh R (Senior Grade Auditor, On 09-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 05-03-2022) | 1-10 |
| 11 | ടെണ്ടർ ഫാറ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-11 |
| 12 | വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം - തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നില്ല<br>Written By: Yogesh R (Senior Grade Auditor, On 14-03-2022)<br>Last Updated By: S Shyju (Senior Deputy Director, On 08-04-2022) | 1-12 |
| 13 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ വിവരങ്ങൾ ലഭ്യമായില്ല. 236973/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sulatha.D (Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-13 |
| 14 | ലൈഫ് പദ്ധതി -പഞ്ചായത്ത് പ്രോജക്ട് ആവിഷ്ക്കരിച്ചില്ല.-1504920/-രൂപയുടെ സർക്കാർ ഗ്രാന്റ് ചെലവഴിക്കാതെ 2 വർഷത്തിലധികമായി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Sulatha.D (Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-14 |
| 15 | പൊയ്കത്തോട് ശുചിയാക്കൽ- മിച്ചതുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Sulatha.D (Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-15 |
| 16 | ഞാറയ്ക്കൽ-ചൂവേലിത്തോട് സംരക്ഷണം - മിച്ചതുക 273134/- രൂപ നിർവ്വഹണഏജൻസിയിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-16 |
| 17 | | 1-17 |

| | | |
|---|---|---|
| | കുടിവെള്ളപദ്ധതികൾ - തുക കൈമാറി രണ്ടര വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Sulatha.D (Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | |
| 18 | വിതരണവിവരം ലഭ്യമല്ല<br>Written By: Rajesh M (Asst. Audit Officer, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-18 |
| 19 | രേഖകളുടെ സൂക്ഷിപ്പ് അപൂർണ്ണം<br>Written By: Rajesh M (Asst. Audit Officer, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-19 |
| 20 | പട്ടികജാതി കുടുംബങ്ങൾക്ക് പഠനമുറി - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Ranjith M (Senior Grade Auditor, On 04-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 1-19(2) |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 08-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 07-03-2022)<br>Last Updated By: S Shyju (Senior Deputy Director, On 08-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Yogesh R (Senior Grade Auditor, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 07-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 05-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 04-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Yogesh R (Senior Grade Auditor, On 07-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 07-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Yogesh R (Senior Grade Auditor, On 04-03-2022)<br>Last Updated By: S Shyju (Senior Deputy Director, On 08-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: S Shyju (Senior Deputy Director, On 08-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Yogesh R (Senior Grade Auditor, On 05-03-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 05-03-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22/2/2020തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9597914 | 15510396 |
| വരവ് | 197241307 | 51832773 |
| ആകെ | 206839221 | 67343169 |
| ചെലവ് | 202834435 | 58703688 |
| നീക്കിയിരിപ്പ് | 4004786 | 8639481 |

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും , ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റ് നിയന്ത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പകരം നിയമപരമായ ബാധ്യത നിറവേറ്റുന്നതിന് മാത്രമാണ് ശ്രമിച്ചിട്ടുള്ളത് എന്ന് പ്രതീക്ഷിത/യഥാർത്ഥ വരവുചെലവുകളിലെ അന്തരം വ്യക്തമാക്കുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 55261542/- രൂപയും ചെലവ് 51771962/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 3489580/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 67703824/- രൂപയും ബാധ്യതകളുടെ മൂല്യം 49975485/- രൂപയും ജനറൽ ഫണ്ട് 17622050/- രൂപയുമാണ്. 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി.യിലെ നിർദേശം പാലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. തൻവർഷം ആസ്തി, ക്യാപിറ്റൽ എന്നിവയിലേക്ക് മാറ്റിയ തുകകളുടെ വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ കൃത്യത ഉറപ്പാക്കാനായില്ല.
3. 31.03.2020 -ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഗ്രാന്റ് തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ശീർഷകം 320100199, 320700103 ലെ കണക്കുകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 31.03.2020-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-18 പ്രകാരമുള്ള തുകകളുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.
5. രജിസ്റ്റർ പ്രകാരം റ്റി.എസ്.സി ഇനത്തിലുള്ള തൻവർഷ വരവ് 99041 രൂപയും തിരിച്ചടവ് ഉൾപ്പെടെയുള്ള തൻ വർഷ ചെലവ് 898793 രൂപയുമാണ്. എന്നാൽ RP 31 പ്രകാരം വരവ് 79041 രൂപയായും I-6 പ്രകാരം ചെലവ് 47948 രൂപയായുമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.
6. വാടക രജിസ്റ്ററിൽ ഡി.സി.ബി കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാടകയിനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15510396 |
| ഓഡിറ്റ് വർഷത്തെ വരവ് | 51832773 |
| ആകെ | 67343169 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 58703688 |
| നീക്കിയിരിപ്പ് | 8639481 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3301243 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 35911000 | 35911000 | 19251345 | 16659655 | 53.6 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12108000 | 12108000 | 8649338 | 3458662 | 71.43 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 836000 | 836000 | 298000 | 538000 | 35.64 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 4650000 | 4650000 | 2735656 | 1914344 | 58.83 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| റ്റി.എസ്.സി | 816593 | 99041 | 915634 | 898793 | 16841 | |
| ഐ.ഡബ്ല്യൂ.എം.പി | 1559441 | 15563045 | 17122486 | 14978969 | 2143517 | |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

വാർഷികപദ്ധതി

2019-20 പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതി പുന:സംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനഘട്ടങ്ങളുടെ സമയക്രമം താഴെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു. | 30-11-18-ലെ അജണ്ട-1 തീരുമാനം - 3 |
| ആസൂത്രണസമിതിയോഗം | 26-10-18, 6-12-18 |
| വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗം | 30-10-18, 15-11-18 |
| ബ്ലോക്ക് ഗ്രാമസഭ | 7.11.18 |
| വികസനസെമിനാർ | 4-12-18 |
| കരട് പേരോജക്ട് അംഗീകാരം | 11-12-18<br>അജണ്ട- 1 |

| | |
|---|---|
| | തീരുമാനം5 |
| അന്തിമപദ്ധതിരേഖ അംഗീകാരം | 19-12-18<br>അജണ്ട-8<br>തീരുമാനം -X(1) |

<u>വാർഷികപദ്ധതിയുടെ അംഗീകാരം</u>

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ **20-12-2018ലെ 2707/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു.** വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 66874299/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 99 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ ഉൾപ്പെടെ **55**പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആയതിന് വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ ചെലവ് 30969069/- രൂപ മാത്രമാണ്. പദ്ധതിച്ചെലവ് **38.3** ശതമാനം മാത്രം.

<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>

2019-20 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 2 | 2 | 700000 | 700000 | 100 |
| സി.ഡി.പി.ഒ | 6 | 2 | 5359091 | 890701 | |
| സെക്രട്ടറി | 42 | 28 | 23433610 | 16940684 | |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 337272 | 269768 | |
| മെഡിക്കൽ ഓഫീസർ, ഗവ.ഹോസ്പിറ്റൽ | 3 | 3 | 1200000 | 1037550 | |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 4 | 4 | 913665 | 873836 | |
| പട്ടികജാതി വികസന ഓഫീസർ | 8 | 4 | 6050250 | 3054270 | |
| അസി.ഡയറക്ടർ, കൃഷി | 2 | 1 | 4750000 | 291588 | |
| ക്ഷീരവികസന ഓഫീസർ | 3 | 2 | 3059910 | 2559910 | |
| വ്യവസായ വികസന ഓഫീസർ | 2 | 1 | 2550000 | 600000 | |
| അസി. എഞ്ചിനീയർ | 37 | 15 | 18470501 | 3700762 | |
| സൂപ്രണ്ട് ,സാമൂഹ്യക്ഷേമവകുപ്പിൽനിന്നും കൈമാറിക്കിട്ടിയ ക്ഷേമസ്ഥാപനം | 1 | 1 | 50000 | 50000 | 100 |
| ആകെ | 113 | 66 | 66874299 | 30969069 | 46.3 |

<u>**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം**</u>

പദ്ധതി ആസൂത്രണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമായിരുന്നെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് യൂണിറ്റുകളായി പ്രവർത്തിക്കുന്നതിലും ഇതുമായി ബന്ധപ്പെട്ട് ആസൂത്രണ

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം നിയമാനുസൃതചുമതല നിറവേറ്റിയിട്ടില്ല. ഓരോ പ്രോജക്ടുകളുടെയും ഉദ്ദേശലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് കൃത്യമായി മോണിട്ടർ ചെയ്യേണ്ടതും പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ സജീവമായി നിലകൊള്ളേണ്ടതുമാണ്.

**2.25 കോടി രൂപയുടെ വാർഷികപദ്ധതി വിഹിതം നഷ്ടമായി**

പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതിനാൽ പ്രോജക്ടുകൾ പൂർത്തിയാക്കാൻ താമസിക്കുകയും ട്രഷറിയിൽ ബില്ലുകൾ സമർപ്പിക്കാൻ വൈകുകയും സാമ്പത്തികവർഷത്തിന്റെ അവസാനമാസങ്ങളിൽ നൽകിയ ബില്ലുകൾ പാസാകാതെ വരികയും ചെയ്തതിനാൽ **2.25** കോടി രൂപയുടെ പദ്ധതിവിഹിതത്തുക ചെലവഴിക്കാനാകാതെ നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട്തരം | ചെലവഴിക്കാതെ നഷ്ടമായ തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 1,66,59,655 |
| എസ് സിപി | 34,58,662 |
| ടി എസ് പി | 53,8000 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 19,14,344 |
| ആകെ | 2,25,70,661/- |

വികസനപദ്ധതികൾക്കായി ലഭ്യമായ സർക്കാർ ഗ്രാന്റ് തുകയിൽ 2.25കോടിയോളം രൂപ ഇത്തരത്തിൽ ചെലവഴിക്കാതെ നഷ്ടമായ സാഹചര്യം പരിശോധിക്കേണ്ടതും സമയബന്ധിതമായി പരിഹാരനടപടികൾ സ്വീകരിച്ച് പ്രസ്തുത സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

പദ്ധതി ആസൂത്രണ/രൂപീകരണ പ്രവർത്തനങ്ങളിലെ സമയക്ലിപ്തത നിർവ്വഹണ നടപടിക്രമങ്ങളിലും പാലിക്കേണ്ടതും വികസനപദ്ധതികൾക്കായി ലഭ്യമാകുന്ന ധനസഹായം പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കേണ്ടതുമാണ്.

**1-6 തൊഴിലുറപ്പ് പദ്ധതി**

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണപരമായ ആവശ്യങ്ങൾക്കുള്ള വരവ് ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ**

പരാമർശമില്ല

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2022-ൽ 3 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം താരതമ്യേന തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണം അതാത് സ്റ്റാന്റിംഗ് കമ്മറ്റികളോ വർക്കിംഗ് ഗ്രൂപ്പുകളോ മോണിട്ടർ ചെയ്യുന്നില്ല. പ്രൊജക്റ്റ് ഫയലുകളോടൊപ്പം ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല. ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്ന പദ്ധതികളിൽ ടി സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരം , വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വാടകയുടെ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പട്ടികജാതി വികസന ഓഫീസറുടെ ഫയലുകൾ കൃത്യമായി അടുക്കി സൂക്ഷിച്ചിട്ടില്ല. രസീത് ബുക്കുകൾക്കും

സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.03.2021 | 2019-2020 | 02/DPAW/KTM/2021/ 25.03.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2016 | 2013-14, 2014- 15 | No.OA/HQ/II/II/12-328/15-16/732 Dtd 24.02.2016 |

## 1-11 ടെണ്ടർ ഫാറ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തില് 2018-19, 2019-20 വർഷം 31 പ്രവൃത്തികളിൽ ഇ – ടെണ്ടർ മുഖാന്തിരമാണ് കരാറുകാരെ തെരഞ്ഞെടുത്തത്. ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളിൽ ടെണ്ടർ ഫാറ വില (ജി എസ് റ്റി ഉൾപ്പെടെ) എൽ എസ് ജി ഡി കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. പ്രവൃത്തി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന് അവകാശപ്പെട്ട തുക സ്ഥാപനം ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു.2018-19,2019-20 വർഷങ്ങളിൽ ഇത്തരത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്റ്റ് / നമ്പർ/ അടങ്കൽ | ടെണ്ടർ ഫാറവില | കരാറുകാരുടെ എണ്ണം | പഞ്ചായത്തിൽ ലഭിക്കേണ്ട തുക |
|---|---|---|---|---|
| | 2018-19 | | | |
| 1 | ഗവ. വൃദ്ധസദനം റൂഫിംഗ് 2018-19 | 560 | 3 | 1680 |
| 2 | അറുമാനൂർ യു പി സ്കൂളിൽ ടോയ്ലറ്റ് | 1350 | 1 | 1350 |
| 3 | കളത്തിപ്പടി-മധുരംചേരിക്കടവ് റോഡ് | 1120 | 2 | 2240 |
| 4 | സെമിനാരി പുതുശ്ശേരി തകിടി റോഡ് സൈഡ് കോൺക്രീറ്റ് | 1344 | 2 | 2688 |
| 5 | പ്ലാംമൂട് പുളിമൂട്ടിൽ കടവ് റോഡ് നവീകരണം | 1344 | 1 | 1344 |
| 6 | കളത്തിക്കടവ് നാഗപുരത്തുകടവ് | 1344 | 3 | 4032 |
| 7 | സീതാലയം കുറിച്ചി ഹോമിയോ ആശുപത്രി കെട്ടിടം | 2800 | 1 | 2800 |
| 8 | പുല്ലത്തറ റോഡ് | 1344 | 3 | 4032 |
| 9 | തോട്ടക്കാട് ആശുപത്രി പഴയ | 2800 | 2 | 5600 |

| | | | | |
|---|---|---|---|---|
| | വാർഡ് | | | |
| 10 | പനച്ചിക്കാട് പി എച്ച് സി ക്വാർട്ടേഴ്സ് | 672 | 2 | 1344 |
| 11 | പരിയാരം വെറ്റിനറി ആശുപത്രി ചുറ്റുമതിൽ | 560 | 2 | 1120 |
| 12 | കുറിച്ചി പ്രീ മെട്രിക് ഹോസ്റ്റൽ | 1600 | 2 | 3200 |
| 13 | ബ്ലോക്ക് ഓഫീസ് ചുറ്റുമതിൽ | 500 | 2 | 1000 |
| | 2019-20 | | | **32430** |
| 1 | കളത്തിപ്പടി-മധുരംചേരിക്കടവ് റോഡ് | 981 | 1 | 981 |
| 2 | പൂവൻതുരുത്ത് എൽ പി സ്കൂൾ റോഡ് | 981 | 2 | 1962 |
| 3 | കൊല്ലാട് കളത്തിക്കടവ് റോഡ് | 981 | 3 | 2943 |
| 4 | മണർകാട് കുഴിപുരയിടം റോഡ് | 981 | 4 | 3924 |
| 5 | റസ്റ്റിംഗ് റൂം | 500 | 2 | 1000 |
| 6 | പരിയാരം വെറ്റിനറി ഹോസ്പിറ്റൽ | 667 | 3 | 2001 |
| 7 | തോട്ടക്കാട് ഗവ ഹോസ്പിറ്റൽ ചുറ്റുമതിൽ | 714 | 1 | 714 |
| 8 | കുട്ടൻചിറ കോളനി അടിസ്ഥാനസൗകര്യ വികസനം | 892 | 1 | 892 |
| 9 | എറികാട് എസ് സി കോളനി അടിസ്ഥാനസൗകര്യ വികസനം | 893 | 1 | 893 |
| 10 | വട്ടമൂട് കെട്ടിടം ഷെൽറ്റർ | 803 | 2 | 1606 |
| 11 | ബ്ലോക്ക് കെട്ടിടം മെയിൻ്റനൻസ് | 714 | 3 | 2142 |
| 12 | സിഡിപിഒ ഓഫീസ് മെയിൻ്റനൻസ് | 500 | 2 | 1000 |
| 13 | ഹോമിയോ ആശുപത്രി മെയിൻ്റനൻസ് | 2500 | 1 | 2500 |
| 14 | സചിവോത്തമപുരം ലൈബ്രറി മെയിൻ്റനൻസ് | 500 | 3 | 1500 |
| 15 | കുട്ടൻചിറ കോളനി | 892 | 1 | 892 |

| | | | | |
|---|---|---|---|---|
| | അടിസ്ഥാനസൗകര്യ വികസനം | | | |
| 16 | കമ്മ്യൂണിറ്റിഹാൾ നവീകരണം | 891 | 1 | 891 |
| 17 | എറികാട് എസ് സി കോളനി അടിസ്ഥാനസൗകര്യ വികസനം | 893 | 2 | 1786 |
| 18 | സീതാലയം കെട്ടിടം | 2500 | 1 | 2500 |
| | ആകെ | | | **30127** |
| | ഗ്രാന്റ് റ്റോട്ടൽ | | | **62557** |

2018-19, 2019-20 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ ലഭിക്കേണ്ട 62557/- രൂപ ഇതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിൽ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിൽ ജി.എസ്.റ്റി. വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-12 വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം - തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം./ തീയതി | 99/20, വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം |
| ചെലവ് | 600000 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നം. | 01/19-20/17.05.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ V-ാം വാർഡിലെ പ്രാർത്ഥനാ ഗ്രൂപ്പ് I,പ്രാർത്ഥനാ ഗ്രൂപ്പ് II എന്നീ 2 സംഘങ്ങൾക്ക് കാലിത്തീറ്റ -കോഴിത്തീറ്റ നിർമ്മാണയൂണിറ്റിനായി കാനറാ ബാങ്കിൽ നിന്നും 450000 രൂപാ വീതം ലോൺ നൽകിയതിന്റെ അടിസ്ഥാനത്തിൽ 3,00,000 രൂപാ വീതം ബാക്ക് എന്റ് സബ്സിഡിയായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ സംഘങ്ങളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങളായ സംഘങ്ങളുടെ പ്രവർത്തന റിപ്പോർട്ട്, മുതൽ മുടക്ക്, വരവ് -ചെലവ് കണക്കുകൾ, മിനിട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും പ്രസ്തുത ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നുള്ള വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/10.03.22) മറുപടി ലഭ്യമാക്കിയില്ല. ഇതിൽ ഒരു ഗ്രൂപ്പ് മാത്രമേ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് കാണുന്നുള്ളൂ. മേൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഗ്രൂപ്പുകളുടെ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ,മേൽ പ്രോജക്ടിനായുള്ള 600000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ വിവരങ്ങൾ ലഭ്യമായില്ല. 236973/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ വിവിധ പ്രവൃത്തികൾ നടത്തുന്നതിന് 2019-20 വർഷം വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിക്ഷേപിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് | തുക | ബിൽ നമ്പർ/ തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 32/19-20-പാത്താമുട്ടം | 100000 | 34/5-9-19 | കെ.എസ്.ഇ.ബി, പള്ളം |

| | | | | |
|---|---|---|---|---|
| | ഡിവിഷൻ, പനച്ചിക്കാട് പഞ്ചായത്ത്, വാർഡ് - 1 6 | | | ഇലക്ട്രിക്കൽ സെക്ഷൻ |
| 2 | 79/19-20 നെട്ടുപ്പുഞ്ച എസ്.സി കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 36662/-<br>311 | 26/19-8-19<br>32/28.11.19 | ”<br>(മണർകാട് ശാഖ) |
| 3 | 125/20 ആലക്കാട്ട് പടി പതിയാതൽ – തറമേൽപ്പടി വരെ ലൈൻ ദീർഘിപ്പിക്കൽ | 100000 | 76/20.12.19 | വാട്ടർ അതോറിറ്റി |
| | ആകെ | 236973 | | |

കരാർ വ്യവസ്ഥകൾ പ്രകാരം 31-3-20-നകം പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ നിർവഹണ ഏജൻസികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കുന്നതു വരെ മേൽ പ്രോജക്ടുകൾക്കായുള്ള 236973/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**<u>1-14 ലൈഫ് പദ്ധതി -പഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ചില്ല.- 1504920/-രൂപയുടെ സർക്കാർ ഗ്രാന്റ് ചെലവഴിക്കാതെ 2 വർഷത്തിലധികമായി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്നു.</u>**

| | |
|---|---|
| പ്രോജക്ട് | 9/19-20 ലൈഫ്-പിഎം.എ.വൈ(ജനറൽ) -ഭവനനിർമ്മാണപദ്ധതി |
| അടങ്കൽ | 75,24,600 |
| ചെലവ് | 75,24,600 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

ലൈഫ് ഭവനപദ്ധതിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം അനുവദിക്കുന്നതിനായി ആവിഷ്കരിച്ച മേൽപ്രോജക്ട്പ്രകാരം ബ്ലോക്ക്പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെ ചേർക്കുംപ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽനിന്നും ആകെ 75,24,600/-രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | അനുവദിച്ചുനൽകിയ തുക | ബിൽനമ്പർ/ തീയതി |
|---|---|---|
| പുതുപ്പള്ളി | 1504920/- | 18/27-7-19 |
| വിജയപുരം | 1504920/- | 18/27-7-19 |
| കുറിച്ചി | 1504920/- | 18/27-7-19 |
| അയർക്കുന്നം | 1504920/- | 27/21-8-19 |
| പനച്ചിക്കാട് | 1504920/- | 18/27-7-19 |
| | 75,24,600 | |

ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**<u>1) ഗ്രാമപഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിക്കാതെ പദ്ധതിത്തുക കൈമാറി</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തെ പദ്ധതിവിഹിതത്തിന്റെ 20% തുക ലൈഫ് ഭവനനിർമ്മാണ പദ്ധിക്കുവേണ്ടി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ ഉത്തരവനുസരിച്ച് ( ഡിബി1/167/19 തസ്വ.ഭ.വ(ഡിബി) വകുപ്പ് തീയതി 8-6-19) ജില്ലാബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ള പദ്ധതിവിഹിതത്തിന്റെ 20% തുക ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി (ജനറൽ /എസ്.സി.പി. റ്റി.എസ്.പി) ഗ്രാമപഞ്ചായത്തുകൾ അപേക്ഷിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ് . എന്നാൽ തുക കൈമാറി നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ വിജയപുരം ഗ്രാമപഞ്ചായത്ത് 2019-20 വർഷം ലൈഫ് ഭവനപദ്ധതിക്കായി ബ്ലോക്ക് വിഹിതം വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് <u>**പ്രോജക്ട്, പ്രോജക്ട് വിശദാംശങ്ങൾ സഹിതം ബ്ലോക്ക് വിഹിതം ആവശ്യപ്പെട്ട് റിക്വിസിഷൻ നൽകിയിട്ടുള്ളതായി കാണുന്നില്ല.**</u> സംയോജിതപദ്ധതി എന്ന നിലയിൽ തൻവർഷം പ്രസ്തുത ഉദ്ദേശ്യത്തിനായി ഗ്രാമപഞ്ചായത്തുകൾ ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ ( പ്രോജക്ട് നമ്പർ, വകയിരുത്തിയ ബ്ലോക്ക് ഷെയർ , ഭരണാനുമതി, ഡിപിസി അനുമതി തുടങ്ങിയവ) സഹിതം മറുപടി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം-5/09.03.22) മറുപടി ലഭ്യമാക്കിയില്ല. തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വരവുചെലവുപത്രിക ഓൺലൈനായി സമർപ്പിച്ചത് പരിശോധിച്ചതിൽ 2019-20-ലോ തൊട്ടടുത്ത20-21 വാർഷികപദ്ധതിയിലോ ലൈഫ് പദ്ധതിക്കായി ബ്ലോക്ക് വിഹിതം വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെൻചർ അക്കൗണ്ടിലേക്ക് 27-7-19-ൽ നൽകിയിരുന്ന 1504920/- രൂപ 2വർഷത്തിലധികമായി ചെലവഴിക്കാതെ അവശേഷിക്കുന്നു.

2) സംയുക്തപ്രോജക്ടുകൾ ത യ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതിമാർഗ്ഗരേഖാ ഉത്തരവിലെ ചുവടെ ചേർക്കുന്ന പൊതുനിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

പദ്ധതിരൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ സംയുക്തപ്രോജക്ടിന്റെ വിഭവസ്രോതസ്സുകൾ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതും കരാറുടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്.

കൂടാതെ കരട്പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്തപ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചചെയ്യാൻ ജില്ലാതലത്തിൽ ഒരു യോഗം ചേരണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ത്രിതലപഞ്ചായത്ത്പ്രസിഡന്റുമാരും സെക്രട്ടറിമാരും പങ്കെടുക്കേണ്ടതായ പ്രസ്തുത യോഗം ജില്ലാ ആസൂത്രണസമിതിയാണ് വിളിച്ചുചേർക്കേണ്ടതെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്.

മാർഗ്ഗരേഖാഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കാതെയും സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും കണക്കിലെടുക്കാതെയും പദ്ധതിവിഹിതം ചെലവഴിച്ചത് ശരിയായ നടപടിയല്ല. ഗ്രാമപഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ച് തുക ചെലവഴിക്കുന്നില്ലാത്തപക്ഷം തുക തിരികെ ഈടാക്കി നിശ്ചിത ഫണ്ട് ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

<u>**1-15 പൊയ്കത്തോട് ശുചിയാക്കൽ- മിച്ചതുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**</u>

അയർക്കുന്നം പഞ്ചായത്തിൽ പൊയ്കത്തോട് ശുചിയാക്കുന്ന പ്രവൃത്തിക്കായി പ്രോജക്ട് നം13/20 പ്രകാരം 5ലക്ഷം രൂപ മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുകയും പ്രവൃത്തി പൂർത്തീകരിച്ച് 4,02,311/-രൂപയുടെ ചെലവുവിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തിരുന്നു. ബാക്കി തുക വിനിയോഗിച്ച് തോട് ആഴം കൂട്ടുന്ന പ്രവൃത്തി നടപ്പാക്കിയതായും ആയതിലേക്ക് മിച്ചമുണ്ടായിരുന്ന 97689/-രൂപയിൽ 93338/-രൂപ ചെലവഴിച്ചതായും പ്രസ്തുത കത്തിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ഭാഗമായി നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച എസ്റ്റിമേറ്റ്, നിർവഹണ വിശദാംശങ്ങൾ എന്നിവ ലഭ്യമായില്ല. കൂടാതെ ടി പ്രവൃത്തി നടപ്പാക്കിയതിനുശേഷവും 4351- രൂപ ബാക്കിനിൽക്കുന്നത് തിരികെ ലഭ്യമാക്കിയിട്ടുമില്ല.

ചെലവ് രേഖകൾ ഹാജരാക്കിയും തുടർ നടപടികളുടെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>**1-16 ഞാറയ്ക്കൽ-ചൂവേലിത്തോട് സംരക്ഷണം - മിച്ചതുക 273134/-രൂപ നിർവ്വഹണംഏജൻസിയിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല.**</u>

| | |
|---|---|
| പ്രോജക്ട്നം | 11/20 |
| ചെലവ് | 550000/- |
| ബിൽനമ്പർ | 43/20-8-19 |

വിജയപുരം പഞ്ചായത്തിലെ 15,17 വാർഡുകളിലായി ഞാറയ്ക്കൽ -ചൂവേലിത്തോടിന്റെ സംരക്ഷണം മൈനർ ഇറിഗേഷൻ വകുപ്പ്മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിനായി ആവിഷ്ക്കരിച്ച മേൽ പ്രോജക്ട് പ്രകാരം എസ്റ്റിമേറ്റ് തുകയായ 550000/-രൂപ വകുപ്പിന് കൈമാറി നൽകിയിരുന്നു. മൈനർ ഇറിഗേഷൻ വകുപ്പിൽനിന്നും ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രമനുസരിച്ച് പ്രസ്തുത പ്രവൃത്തിക്കായി നിയമാനുസൃത റിക്കവറികളുൾപ്പെടെ ആകെ 276866/-രൂപയേ ചെലവ് വന്നിട്ടുള്ളൂ. ബാക്കിതുക തിരികെ ലഭ്യമായിട്ടുള്ളതായോ മറ്റ് ഏതെങ്കിലും രീതിയിൽ ക്രമീകരിച്ചതായോ ഫയലിൽ രേഖകളില്ല. ബാക്കി തുകയായ 273134/-രൂപ തിരികെ ലഭ്യമാക്കിയിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 4/08.02.22) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗമിച്ചമുള്ള തുക തിരികെ ഈടാക്കുന്നതിനോ പുതിയപദ്ധതിക്കായി ചെലവഴിക്കാനോ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതിപൂർത്തീകരിച്ചതിനുശേഷം നിർവ്വഹണഏജൻസിയുടെ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന സർക്കാർ ഗ്രാന്റ് തുക സർക്കാർ നിർദ്ദേശത്തിന് വിധേയമായി കമ്മിറ്റി തീരുമാനമെടുത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് രീതിയിൽ നിയമാനുസൃതം ചെലവഴിക്കാൻ സാധിക്കാത്തപക്ഷം തിരികെ ഈടാക്കി നിശ്ചിത ഫണ്ട് ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-17 കുടിവെള്ളപദ്ധതികൾ - തുക കൈമാറി രണ്ടര വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല**

2019-20 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മിച്ച് പൈപ്പ് ലൈൻ, പമ്പ്ഹൗസ്, വാട്ടർടാങ്ക് മുതലായവ സ്ഥാപിച്ച് മിനി വാട്ടർ സപ്ളൈ സ്കീമുകൾ നടപ്പാക്കുന്നതിനായി പ്രോജക്ട് ആവിഷ്ക്കരിച്ച് അംഗീകാരം ലഭിക്കുകയും ഭൂജലവകുപ്പ് കോട്ടയം ജില്ലാഓഫീസർ ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുക വകുപ്പിന്റെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് | കൈമാറിയ തുക | ബിൽനമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 109/19-20 ഇഞ്ചക്കാട്ടുകുന്ന് കുടിവെള്ളപദ്ധതി -പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | 500000/- വികസന ഫണ്ട് (എസ്.സി.പി) | 5/22-5-19 | കരാർനം, തീയതി, പ്രവൃത്തിനിർവ്വഹണം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തി കരാർ പൂർണ്ണമാക്കിയിട്ടില്ല |
| 2 | 83/19-20കുറിച്ചി സചിവോത്തമപുരം ITC യ്ക്ക് സമീപമുള്ള കുടിവെള്ള വിതരണപദ്ധതി- പൂർത്തീകരണം | 250000/- | 45/5-9-19 | പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ചെലവുതുകയുടെ വിനിയോഗ വിശദാംശങ്ങളും ലഭ്യമായിട്ടില്ല. |
| 3 | 15/19-20 കൊച്ചുകോർട്ട് കുടിവെള്ളപദ്ധതി- കുറിച്ചി പഞ്ചായത്ത് വാർഡ് -3 | 550000 | 39/19-8-19 | ,, |
| | | | | |

| | | | | |
|---|---|---|---|---|
| 4 | 80/19-20 കല്ലാറശ്ശേരി കുടിവെള്ള പദ്ധതി- അയർക്കുന്നം വാർഡ് -16 | 500000 | 83/26-10-19 | „ |
| | | 18,00000/- | | |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങളും നിക്ഷേപത്തുകയുടെ ചെലവുവിവരങ്ങളും ഫയലിൽ ലഭ്യമല്ല. സ്ഥാപനവുമായി ചമച്ചിട്ടുള്ള കരാറിൽ പ്രവൃത്തികൾ 31-3-20- നകം പൂർത്തീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം. 1/08.03.22) മറുപടി ലഭ്യമാക്കിയില്ല . പൂർത്തീകരണസാക്ഷ്യപത്രവും ചെലവഴിച്ച തുകയുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ നിർവ്വഹണ സ്ഥാപനത്തിന് കൈമാറിയ 18,00000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 വിതരണവിവരം ലഭ്യമല്ല**

പട്ടികജാതി വികസന ഓഫീസർ 2019-20 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ കുറിച്ചി പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ഫർണിച്ചർ വിതരണം എന്ന പ്രോജക്ടിലെ പ്രിന്റർ വാങ്ങുന്നതിന് 39270/- രൂപ (ബിൽ നം 1/19-20 തീ 14-1-2020) കേരള സ്റ്റേറ്റ് ഐ റ്റി മിഷന് നല്കിയിട്ടുണ്ട്. പ്രിന്റർ ലഭിക്കുന്ന മുറക്ക് ബ്ലോക്ക് പഞ്ചായത്ത് മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഹോസ്റ്റലിന് നല്കുകയും കൈപ്പറ്റ് വിവരം ഫയലിൽ ചേർക്കുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ സാധനം ലഭിച്ചതിന്റ വിവരങ്ങൾ , കുറിച്ചി പ്രീമെട്രിക് ഹോസ്റ്റലിന് കൈമാറിയതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 11/10-3-2022 ന് മറുപടി നല്കിയില്ല. വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ ഈ ഇനത്തിലുള്ള 39270/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 രേഖകളുടെ സൂക്ഷിപ്പ് അപൂർണ്ണം**

2019-20 വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്ട് | ചെലവ് | അപാകതകൾ |
|---|---|---|---|
| 1 | പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ 106/19-21 | 1575000 | 500 ഗുണഭോക്താക്കൾക്ക് റാന്തൽ നല്കിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം 1750000/- രൂപയുടെ റാന്തൽ അമ്മിണി സോളാർ കമ്പനിയിൽ നിന്നും വാങ്ങിയിട്ടുണ്ട് . ഗുണഭോക്തൃവിഹിതം രസീത് നല്കാതെ രജിസ്റ്ററിൽ ചേർത്ത് പിരിച്ചു. ആയതിന്റെ കൃത്യത അടവ് വിവരം /ചെലവ് വിവരം ലഭ്യമല്ല |
| | ആകെ | 2200000 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7/10.03.22) മറുപടി ലഭ്യമായില്ല. ഫയലുകൾ ക്രമപ്പെടുത്തിയും ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച തുകയുടെ ചെലവ് രേഖകളും ഉൾപ്പെടെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-19(2) പട്ടികജാതി കുടുംബങ്ങൾക്ക് പഠനമുറി - ചെലവ് രേഖകൾ ഹാജരാക്കിയില്ല**

2019-20 ൽ പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് പഠനമുറി എന്ന 140/19-20 നമ്പർ പ്രോജക്ട് പരിശോധിച്ചതിൽ വികസനഫണ്ട് (എസ്.സി.പി) 625000/- രൂപചെലവഴിച്ചിട്ടുണ്ട്. എന്നാൽ വ്യക്തിഗത ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധനയ്ക്ക് സാദ്ധ്യമാകുവിധം ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വ്യക്തിഗത ഫയലുകളിൽ ആവശ്യംവേണ്ട പഠനമുറിയുടെ വാല്യുവേഷൻ അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയവ ക്രമപ്പെടുത്തി പരിശോധനയ്ക്ക്

ഹാജരാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 625000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു (ബിൽ നം. 14/19-20). ഫയലുകൾ പരിശോധനയ്ക്ക് സാദ്ധ്യമാകുവിധം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 04.03.2022-ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2019-20 വർഷം സംയുക്ത പ്രോജക്ടിനായി ഗ്രാമ പഞ്ചായത്തുകൾ, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | 109/20 ഇഞ്ചക്കാട്ടുകുന്ന് കുടിവള്ളപദ്ധതി -പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | 500000 | 0 | 500000 |
| | 83/20,കുറിച്ചി സചിവോത്തമപുരം ITC യ്ക്ക് സമീപമുള്ള കുടിവെള്ളവിതരണപദ്ധതി-പൂർത്തീകരണം | 250000 | 0 | 250000 |
| | 15/20, | 550000 | 0 | 550000 |

| | | | | |
|---|---|---|---|---|
| | കൊച്ചകോർട്ട് കുടിവെള്ളപദ്ധതി- കുറിച്ചി പഞ്ചായത്ത് വാർഡ് -3 | | | |
| | 80/20, കല്ലാറശ്ശേരി കുടിവെള്ള പദ്ധതി- അയർക്കുന്നം വാർഡ് -16 | 500000 | 0 | 500000 |
| കെ.എസ്.ഇ.ബി | 32/19-20-പാത്താമുട്ടം ഡിവിഷൻ ,പനച്ചിക്കാട് പഞ്ചായത്ത് ,വാർഡ് - 1 6 സ്ട്രീറ്റ് ലൈൻ വലിക്കൽ | 100000 | 0 | 100000 |
| | 79/19-2നെട്ടുപുഞ്ച എസ്.സി കോളനി യിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 36973 | 0 | 36973 |
| | 47/19-20 പനച്ചിക്കാട് ,പുതുപ്പള്ളി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 544729 | 544729 | |
| | 33/19-20 അയർക്കുന്നം പഞ്ചായത്തിലെ വാർഡ് 12,13 വാർഡുകളിലും വിജയപുരം പഞ്ചായത്ത് വാർഡ് 4-ലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 903242 | 903242 | |
| മൈനർ ഇറിഗേഷൻ | 11/20, ഞാറയ്ക്കൽ-പൂവേലിതോട് സംരക്ഷണം | 550000 | 0 | 550000 |
| | 12/20, കൈതവളവ് -വലിയതോട് അഞ്ചേരിപ്പുഴ സംരക്ഷണം | 550000 | 550000 | |
| | 13/20,അയർക്കുന്നം പൊയ്കത്തോട് ശുചിയാക്കൽ | 500000 | 0 | 500000 |
| | 76/20,കടവോരം നാട്ടച്ചന്ത തോട് സംരക്ഷണം | 550000 | 550000 | |
| വാട്ടർ അതോറിറ്റി | 125/20, ആലക്കാട്ടുപടി പതിയാക്കൽ-തറപ്പേൽപ്പടി വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 100000 | 0 | 100000 |
| ആകെ | | 5634944 | 2547971 | 3086973 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ബ്ലോക്ക് പഞ്ചാത്ത് ഫണ്ടിൽ നിന്നും 2019-20 വർഷം കൺവീനർ പ്രവൃത്തിൾക്ക് മൊബിലൈസേഷൻ

അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 വർഷം വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. വായ്പ തുകയുടെ തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റേയും വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 31.03.2020 വരെ വായ്പ എടുത്ത തുക | 01.04.2019-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2019-20 വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ. (എം.എസ്.) നം.193/13/ തസ്വഭവ 24.05.2013 | പുതുപ്പള്ളി എസ്.സി.ബി. ലിമിറ്റഡ് നം.3831<br>A/C No. 00031828000000 | 25 ലക്ഷം | 12,50,000 | 12,50,000 | - | 0 |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ. (എം.എസ്.) നം.90/13/ തസ്വഭവ 14.03.2013 | പനച്ചിക്കാട് റീജിയണൽ എസ്.സി.ബി. ലിമിറ്റഡ് നം.3959<br>A/C No. 0141290000001 | 47.5 ലക്ഷം | 608,026/- | 608,026 | - | 0 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വരവ് ഇനം, രസീത് നം/തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 1999-00 | 28, 34 എ | 2003-04 | പേജ് 63 | 1)പനച്ചിക്കാട്-വെള്ളൂവാക്കൽപ്പാടം സംരക്ഷണഭിത്തി 17,000- രൂപ<br>2) റോഡ് നിർമാണം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | (പനച്ചിക്കാട്- മലവേടർ കോളനി) നികുതി വിഹിതങ്ങൾക്കായി വകയിരുത്തിയ തുക കൺവീനർക്ക് നൽകി 19,600/- രൂപ | |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 67343169 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58703688 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3301243 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 600000 | ശ്രീ. ശരത് ലാൽ എസ്.ടി., വ്യവസായ വികസന ഓഫീസർ |
| 1-13 | 236973 | ശ്രീ. ജയ് മോൻ എബ്രഹാം, സെക്രട്ടറി |
| 1-17 | 1800000 | ശ്രീ. ജയ് മോൻ എബ്രഹാം, സെക്രട്ടറി |
| 1-18 | 39270 | ശ്രീ. സന്തോഷ് ശിവാനന്ദൻ, പട്ടികജാതി വികസന ഓഫീസർ |
| 1-19(2) | 625000 | ശ്രീ. സന്തോഷ് ശിവാനന്ദൻ, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 3301243 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.കെ.പി1-819/01/12.06.2001 | - |
| 1997-98 | എൽ.എഫ്.കെ.പി1-37/08/09.07.2008 | - |
| 1998-99 & 1999-00 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(1)/2018/07.05.2018 | 11 |
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(2)/2018/07.05.2018 | 7 |
| 2002-03 | എൽ.എഫ്.കെ.പി1-980/05/11.10.2006 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(3)/2018/07.05.2018 | 8 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(4)/2018/07.05.2018 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(5)/2018/07.05.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(6)/2018/07.05.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(7)/2018/07.05.2018 | 2 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(8)/2018/07.05.2018 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(9)/2018/07.05.2018 | 5 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(10)/2018/07.05.2018 | 4 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(11)/2018/07.05.2018 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(12)/2018/07.05.2018 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(13)/2018/07.05.2018 | 5 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ18/812(14)/2018/07.05.2018 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.15/1623/18/18.01.2018 | 14 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.15/1849/2018/29.10.18 | 32 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.15/176/2020/05.05.20 | 15 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്